കില
വാർത്താപത്രിക

VOLUME-11
ISSUE-2
FEBRUARY 2018

info@kila.ac.in | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kila.ac.in

പ്രഥമ നഗരസഭ ദിനാഘോഷം സുൽത്താൻ ബത്തേരിയിൽ
തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി **ഡോ.കെ.ടി.ജലീൽ** ഉദ്ഘാടനം ചെയ്യുന്നു

തദ്ദേശസ്വയംഭരണവകുപ്പിന്റെ ഏകീകരണം ഉടൻ: മന്ത്രി ഡോ. കെ. ടി. ജലീൽ

തദ്ദേശസ്വയംഭരണവകുപ്പുകളുടെ ഏകീകരണം ഉടൻ നടക്കുമെന്നു തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി ഡോ.കെ.ടി. ജലീൽ പറഞ്ഞു. ആറുമാസത്തിനകം ബിൽ നിയമസഭയിൽ അവതരിപ്പിക്കുമെന്നു മന്ത്രി അറിയിച്ചു. പ്രഥമ നഗരസഭദിനാഘോഷം സുൽത്താൻ ബത്തേരിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വകുപ്പുകളുടെ ഏകീകരണത്തോടെ കോർപ്പറേഷൻ, നഗരസഭ, പഞ്ചായത്ത് നഗരാസൂത്രണ വിഭാഗങ്ങളിൽനിന്നെല്ലാം ജീവനക്കാരുടെ സ്ഥലം മാറ്റം വിപുലീകരിക്കാനാകും. ഇതുവഴി ജീവനക്കാരുടെ കുറവ് ഒരു പരിധിവരെ പരിഹരിക്കാം. എഞ്ചിനീയർമാരുടെ കുറവു പരിഹരിച്ചാലേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കാനാകൂ. 600 തേർഡ് ഓവർസിയർമാരുടെ തസ്തികകൾ പി. എസ്.സി നികത്തണം. ഫെബ്രുവരി അവസാന വാരത്തോടെ ഇതു സാധിക്കുമെന്നാണ് പ്രതീക്ഷ.

കെട്ടിടനിർമ്മാണ നിയമം കാലോചിതമായി പരിഷ്ക്കരിക്കും. എത്ര ചതുരശ്ര അടിയുള്ള കെട്ടിടത്തിനും ജില്ലാ നഗരാസൂത്രണ വിഭാഗം വരെയേ ഫയൽ പോകേണ്ടതുള്ളൂ. ചീഫ് ടൗൺ പ്ലാനർ ഓഫീസ് അപ്പീൽ അതോരിറ്റി മാത്രമാകും. കെട്ടിടനിർമ്മാണ അനുമതിക്കു ഇന്റലിജന്റ് ബിൽഡിംഗ് പെർമിറ്റ് മാനേജ്മെന്റ് സിസ്റ്റം എന്ന സോഫ്റ്റ് വെയർ പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിച്ചു വരികയാണ്. ഇത് എല്ലാ നഗരസഭകളിലേക്കും വ്യാപിപ്പിക്കുന്നതോടെ കെട്ടിടനിർമ്മാണ അനുമതിക്കുള്ള കാത്തിരിപ്പും ക്രമക്കേടും ഇല്ലാതാകും. നഗരസഭകളിലെ വിവിധ സോഫ്റ്റ് വെയറുകൾ ഏകോപിപ്പിച്ച് പൊതുജനങ്ങൾക്കു ലഭ്യമാക്കും. തദ്ദേശസ്ഥാപനങ്ങളിലെ അംഗങ്ങളുടെ സിറ്റിംഗ് ഫീസ് 60 രൂപയിൽനിന്ന് 200 രൂപയായും അദ്ധ്യക്ഷന്റെ 75 രൂപയിൽനിന്ന് 250 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. 20 വർഷത്തെ ചരിത്രത്തിലാദ്യമായി തദ്ദേശസ്ഥാപനങ്ങളുടെ ചെലവ് ജനുവരിയിൽ 50 ശതമാനത്തിനു മുകളിലെത്തിക്കാൻ കഴിഞ്ഞു. ജി.എസ്.ടിയും ട്രഷറി തടസ്സങ്ങളും നീങ്ങിയാൽ ഈ സാമ്പത്തികവർഷം പദ്ധതി ചെലവു പൂർണ്ണമായും ചെലവഴിക്കാൻ കഴിയും എൽ.ഡി.എഫ് സർക്കാർ അധികാരമേറ്റശേഷം തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെട്ടതായും മന്ത്രി പറഞ്ഞു. ഐ.സി.ബാലകൃഷ്ണൻ എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. സി.കെ.ശശീന്ദ്രൻ എം.എൽ.എ, തിരുവനന്തപുരം മേയർ വി.കെ.പ്രശാന്ത്, കോഴിക്കോട് മേയർ തോട്ടത്തിൽ രവീന്ദ്രൻ, കണ്ണൂർ മേയർ ഇ.പി.ലത, തൃശ്ശൂർ മേയർ അജിത ജയരാജ്, വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ടി.ഉഷാകുമാരി, ബത്തേരി നഗരസഭ ചെയർമാൻ സി.കെ.സഹദേവൻ, വി.വി. രമേശൻ, സാബു കെ. ജേക്കബ്ബ്, കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, തദ്ദേശസ്വയംഭരണ (അർബൻ) സെക്രട്ടറി ഡോ.ബി.അശോക്, ജോയ് ഉമ്മൻ, നഗരകാര്യ ഡയറക്ടർ ഹരിത വി.കുമാർ, കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി മൃൺമയി ജോഷി, തദ്ദേശസ്വയംഭരണവകുപ്പു ചീഫ് എഞ്ചിനീയർ സജികുമാർ, കെ.രമണൻ എന്നിവർ സംസാരിച്ചു.

തദ്ദേശസ്വയംഭരണവകുപ്പിനു കീഴിലുള്ള ഗ്രാമപഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര-ഗ്രാമാസൂത്രണം, എഞ്ചിനീയറിംഗ് എന്നീ സർവീസുകൾ ഏകോപിപ്പിച്ചുകൊണ്ട് തദ്ദേശസ്വയംഭരണവകുപ്പ് എന്ന പേരിൽ പൊതു സർവീസ് രൂപീകരിക്കുന്നതിനു 24.01.2018 നു ചേർന്ന സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിച്ചു. ഇതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണവകുപ്പു സെക്രട്ടറി എ.അജിത കുമാറിനു അധിക ചുമതല നൽകി ഏകോപിത വകുപ്പിന്റെ പ്രിൻസിപ്പൽ ഡയറക്ടറായി നിയമിക്കാനും തീരുമാനിച്ചു.

പഞ്ചായത്തുകളിൽനിന്ന് പഞ്ചായത്തുകളിലേക്കു എന്ന പഠന സന്ദർശന പരിപാടിയുടെ ഭാഗമായി മഹാരാഷ്ട്രയിലെത്തിയ വയനാട് ജില്ലാപഞ്ചായത്ത് അംഗങ്ങളും ഉദ്യോഗസ്ഥരും

പഞ്ചായത്തുകളിൽനിന്ന് പഞ്ചായത്തുകളിലേക്ക് വയനാട് ജില്ലാപഞ്ചായത്ത് അംഗങ്ങൾ മഹാരാഷ്ട്രയിൽ

കില നടപ്പിലാക്കുന്ന പഞ്ചായത്തുകളിൽനിന്ന് പഞ്ചായത്തുകളിലേക്കു എന്ന പഠന സന്ദർശന പരിപാടിയുടെ ഭാഗമായി വയനാട് ജില്ലാപഞ്ചായത്ത് അംഗങ്ങളും ഉദ്യോഗസ്ഥരും സപ്പോർട്ടിംഗ് ഗ്രൂപ്പ് അംഗങ്ങളുമടങ്ങുന്ന 22 അംഗസംഘം മഹാരാഷ്ട്രയിലെ സത്താറ ജില്ലാപഞ്ചായത്തും ഹവേലി, കൊറേഗാവ് ബ്ലോക്ക് പഞ്ചായത്തുകളും, ജയ്ഗാവോൺ ഗ്രാമപഞ്ചായത്തും സന്ദർശിച്ചു. 2017 ഒക്ടോബർ 25 മുതൽ മൂന്നുദിവസമായിരുന്നു സന്ദർശനം. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ടി. ഉഷാകുമാരിയായിരുന്നു സംഘത്തെ നയിച്ചത്. പൂന ഡിവിഷനിലുള്ള സത്താറ ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ ത്രിതല പഞ്ചായത്തുകൾ ഫലപ്രദമായി നടപ്പിലാക്കിയ ജലസംരക്ഷണ പ്രവൃത്തികൾ നേരിട്ടു കണ്ടു മനസ്സിലാക്കുകയും ഭരണസമിതി അംഗങ്ങളിൽനിന്നും ഉദ്യോഗസ്ഥരിൽനിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. പൂനെ മുനിസിപ്പൽ കോർപ്പറേഷൻ നടപ്പിലാക്കുന്ന മാലിന്യനിർമാർജന പ്ലാന്റുകളും ബയോഗ്യാസ് പ്ലാന്റുകളും സംഘാംഗങ്ങൾ സന്ദർശിച്ച് ഇതേ രീതി കേരളത്തിൽ പ്രാവർത്തികമാക്കാനുള്ള സാദ്ധ്യതകൾ വിലയിരുത്തി. പൂനയിലെ യശ്വന്ത് റാവു ചവാൻ അക്കാദമി ഫോർ ഡെവലപ്മെന്റ് അഡ്മിനിസ്ട്രേഷനിലെ പ്രോജക്ട് ഡയറക്ടർ അങ്കുഷ് ബഗാതെ, ഓഫീസർ കാടെ ദാദാ സാഹിബ് എന്നിവർ പഠനയാത്രയിൽ സംഘാംഗങ്ങൾക്കാവശ്യമായ അക്കാദമിക് പിന്തുണ നൽകി. കില എക്സ്റ്റഷൻ ഫാക്കൽറ്റി എൻ.പി. വേണുഗോപാൽ കോർഡിനേറ്ററായിരുന്നു.

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് പരിശീലനം

ടോട്ടൽ ക്വാളിററി മാനേജ്മെന്റിലൂടെ ഗ്രാമപഞ്ചായത്തുകളിൽ ഗുണമേന്മയുള്ള ഓഫീസ് സംവിധാനം കൊണ്ടുവരിക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പരിശീലനത്തിനു കിലയിൽ തുടക്കമായി. ഐ.എസ്.ഒ 9001-2015 സർട്ടിഫിക്കറ്റ് കരസ്ഥമാക്കുകയാണ് പരിശീലനത്തിന്റെ അന്തിമലക്ഷ്യം. 28 ഗ്രാമപഞ്ചായത്തുകളിൽനിന്നുള്ള പ്രസിഡന്റുമാർ, വൈസ് പ്രസിഡന്റുമാർ, സെക്രട്ടറിമാർ എന്നിവരാണ് രണ്ടുദവസത്തെ പരിശീലനത്തിൽ പങ്കെടുത്തത്. പരിശീലനവും ടോട്ടൽ ക്വാളിറ്റി മാനേജുമെന്റും, ടോട്ടൽ ക്വാളിറ്റി മാനേജ്മെൻറ് തത്വങ്ങൾ, പഞ്ചായത്ത് സ്ഥാപനങ്ങളിലെ ഓഫീസ് മാനേജ്മെന്റ്, പൗരസർവേ, ഗുണമേന്മ, നയരൂപീകരണം, ക്വാളിറ്റി സർക്കിൾ, റെക്കോഡ് മാനേജ്മെന്റ്, ഇ-ഗവേണൻസ്, ഐ.എസ്.ഒ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാന കാര്യങ്ങൾ, കർമ്മപരിപാടി തയ്യാറാക്കൽ എന്നീ വിഷയങ്ങളിലായിരുന്നു പരിശീലനം. ആൽജോ സി.ചെറിയാൻ, എം.ച്ച്.ഷാജിക്ക്, ഡോ.ഷീബ സ്റ്റീഫൻ, ഡോ. എസ്.കെ.ബിജു, കണ്ണൻനായർ, കെ.പി.എ.ഹാഷിം എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി.

പദ്ധതി ആസൂത്രണവും നിർവഹണവും: നിർവഹണ ഉദ്യോഗസ്ഥർക്കു പരിശീലനം

പദ്ധതി ആസൂത്രണവും നിർവഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിംഗിനു വിധേയമാക്കേണ്ട രേഖകളും അതിനുള്ള നടപടിക്രമങ്ങളേയും കുറിച്ച് ഗ്രാമപഞ്ചായത്തുകളിലെ നിർവഹണ ഉദ്യോഗസ്ഥർക്കു തിരുവനന്തപുരം ഗ്രാമീണ പഠനകേന്ദ്രത്തിൽ രണ്ടുദിവസത്തെ പരിശീലനം സംഘടിപ്പിച്ചു. തിരുവനന്തപുരം ജില്ലയിലെ നാലു ഗ്രാമപഞ്ചായത്തുകളിൽനിന്നുള്ള നിർവഹണ ഉദ്യോഗസ്ഥരാണ് പരിശീലനത്തിൽ പങ്കെടുത്തത്. ആസൂത്രണബോർഡ് അംഗം ഡോ.കെ.എൻ. ഹരിലാൽ ഉദ്ഘാടനം ചെയ്തു.പഞ്ചായത്ത് ഡയറക്ടർ മേരിക്കുട്ടി ഐ.എ.എസ് അദ്ധ്യക്ഷയായിരുന്നു. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ഡി. സാങ്കി ആമുഖ പ്രഭാഷണം നടത്തി. കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ സ്വാഗതം പറഞ്ഞു. കോർഡിനേറ്റർ ജി.കെ.സദനരാജ് പരിശീലനപരിപാടി വിശദീകരിച്ചു.എസ്. ആർ.ജി അംഗങ്ങളായ എസ്.ജമാൽ, വി.എസ് ബിജു, കണ്ണൻ നായർ എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി.

ഓഡിറ്റിംഗിനു വിധേയമാക്കേണ്ട രേഖകളും നടപടിക്രമങ്ങളും സംബന്ധിച്ച അവ്യക്തത ഓഡിറ്റിംഗിനെ സാരമായി ബാധിക്കുന്നുണ്ട്. നിരവധി ഓഡിറ്റ് നിരീക്ഷണങ്ങൾ രേഖപ്പെടുത്തുവാൻ ഓഡിറ്റർമാർ നിർബന്ധിതരാകുകയും ഓഡിറ്റ് നിരീക്ഷണങ്ങളെ ഭയന്ന് പദ്ധതി നിർവഹണത്തിൽ ഉദ്യോഗസ്ഥർ വിമുഖത കാട്ടുകയും ചെയ്ത പശ്ചാത്തലത്തിലാണ് പരിശീലനം സംഘടിപ്പിക്കാൻ തീരുമാനിച്ചത്.

ആരോഗ്യജാഗ്രത പദ്ധതിയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സ്വരാജ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച പരിശീലനപരിപാടി ആരോഗ്യവകുപ്പുമന്ത്രി **കെ.കെ.ശൈലജ** ഉദ്ഘാടനം ചെയ്യുന്നു

പകർച്ചവ്യാധികൾ തടയാൻ ആരോഗ്യജാഗ്രത പദ്ധതി

സംസ്ഥാനത്തു കഴിഞ്ഞവർഷമുണ്ടായ പകർച്ചവ്യാധികൾ വരും വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ സർക്കാർ നടപടികൾ തുടങ്ങി. മഴക്കാലപൂർവ പരിപാടികൾക്കു പകരം ആരോഗ്യജാഗ്രത എന്ന പേരിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന സമഗ്രവും തീവ്രവുമായ കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. രോഗപ്രതിരോധ നടപടികളിൽ പിഴവുകൾ സംഭവിക്കാതിരിക്കാൻ ഇത്തവണ വിപുലമായ കർമ്മപദ്ധതിക്കാണ് തുടക്കം കുറിച്ചത്. കൊതുകിന്റെ ഉറവിട നശീകരണമാണ് ഏറ്റവും പ്രധാനപ്പെട്ടത്. ബഹുജന സഹകരണത്തോടെ എല്ലാ വാർഡുകളിലും സാനിട്ടേഷൻ സമിതികൾ രൂപീകരിക്കും. കുടുംബശ്രീയുടെ നേതൃത്വത്തിൽ മൈക്രോ ലെവൽ കർമ്മപദ്ധതി തയ്യാറാക്കി ശുചിത്വ സ്ക്വാഡുകൾ രൂപീകരിച്ച് വീടുകളിലും സ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും ശുചീകരണവും കൊതുകുകളുടെ ഉറവിട നശീകരണ പ്രവർത്തനങ്ങളും ചിട്ടയായി നടത്തും.

ആരോഗ്യ- തദ്ദേശസ്വയംഭരണവകുപ്പുകളും കിലയും സംയുക്തമായി ഇതിനാവശ്യമായ പരിശീലന പരിപാടികൾ തയ്യാറാക്കിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, സെക്രട്ടറി, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷന്മാർ എന്നിവർക്കാണ് പരിശീലനം. തിരുവനന്തപുരത്തെ സ്വരാജ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച പരിശീലന പരിപാടി ആരോഗ്യവകുപ്പുമന്ത്രി കെ.കെ.ശൈലജ ഉദ്ഘാടനം ചെയ്തു.

പതിമൂന്നു കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി കിലയിലെ വെർച്ചൽ ക്ലാസ്സ് റൂം വഴിയുള്ള പരിശീലനം തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരിതോമസ് ഉദ്ഘാടനം ചെയ്തു. ജില്ലാമെഡിക്കൽ ഓഫീസർ ഡോ.കെ.സുഹിത, ഡോ.റീന, ഷാജി ക്ലമന്റ്, ഡോ.പീറ്റർ എം. രാജ് തുടങ്ങിയവർ സംബന്ധിച്ചു.

തളിക്കുളം, വടക്കാഞ്ചേരി, ആലത്തൂർ, മണ്ണാർക്കാട്, വണ്ടൂർ, വേങ്ങര, കുന്നംകുളം,കുന്നുമ്മൽ, സുൽത്താൻ ബത്തേരി, കൂത്തുപറമ്പ്, പയ്യന്നൂർ, കാഞ്ഞങ്ങാട്, കസർകോട് കേന്ദ്രങ്ങളിലൂടെയാണ് കിലയിലെ വെർച്ചൽ ക്ലാസ്സ്റൂം വഴി പരിശീലനം നൽകിയത്. തൃശ്ശൂർ ജില്ലയിലെ ഇരുപതു പഞ്ചായത്തുകളിൽനിന്നുള്ള പ്രതിനിധികൾ രണ്ടു സെഷനുകളിലായി കില കേന്ദ്രത്തിലെ പരിശീലനത്തിൽ നേരിട്ടു പങ്കെടുത്തു.

കുടുംബശ്രീ ജെൻഡർ റിസോഴ്സ് സെന്ററുകൾ തുടങ്ങി

പൊതുസമൂഹത്തെ സ്ത്രീസൗഹൃദമാക്കുന്നതു ലക്ഷ്യമിട്ട് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെ കുടുംബശ്രീ ജെൻഡർ റിസോഴ്സ് സെന്ററുകൾ വിവിധ ജില്ലകളിൽ പ്രവർത്തനമാരംഭിച്ചു.സംസ്ഥാനത്തൊട്ടാകെ 99 റിസോഴ്സ് സെന്ററുകളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. സ്ത്രീകളുടെ വിവിധ തലത്തിലുള്ള കഴിവുകൾ വർദ്ധിപ്പിക്കുകയും നലവിലെ അവസ്ഥകൾ വിശകലനം ചെയ്ത് പോരായ്മകൾ പരിഹരിച്ച് സമൂഹത്തിൽ സ്ത്രീകൾക്കു അവരുടേതായ സ്ഥാനം ഉറപ്പിക്കുകയുമാണ് റിസോഴ്സ് സെന്ററുകളുടെ ദൗത്യങ്ങളിലൊന്ന്. പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്കും കൗമാരക്കാരായ പെൺകുട്ടികൾക്കും പ്രതിസന്ധികളെ അഭിമുഖീകരിക്കുന്നതിനു ആവശ്യമായ കൗൺസിലിംഗ് നൽകുന്നതിനു തദ്ദേശഭരണതലത്തിൽ ലിംഗപദവിയിൽ അധിഷ്ടിതമായ സ്ഥിരം സംവിധാനമാണ് ജെൻഡർ റിസോഴ്സ് സെന്ററുകൾ.

എറണാകുളം ജില്ലയിൽ മാത്രം 29 ജെൻഡർ റിസോഴ്സ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. തൃശ്ശൂരിൽ പതിന്നാലും ഇടുക്കിയിൽ ഏഴും തിരുവനന്തപുരത്തും കൊല്ലത്തും ആറുവീതവും ആലപ്പുഴ, കണ്ണൂർ, പാലക്കാട്, കാസർകോട്, കോട്ടയം എന്നീ ജില്ലകളിൽ ആഞ്ചുവീതവും സെന്ററുകൾ ഇപ്പോൾ പ്രവർത്തിക്കുന്നു. കോഴിക്കോട്, പത്തനംതിട്ട ജില്ലകളിൽ നാലും വയനാട് ജില്ലയിൽ മൂന്നും സെന്ററുകളുണ്ട്. മലപ്പുറത്ത് ഒരു സെന്ററും പ്രവർത്തിക്കുന്നു. അടുത്ത വർഷത്തോടെ കേരളമാകെ ജെൻഡർ റിസോഴ്സ് സെന്ററുകൾ സ്ഥാപിക്കുകയാണ് ലക്ഷ്യം.

പുതുതായി നിയമനം ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കു അടിസ്ഥാന കാര്യശേഷി വികസനത്തിൽ കിലയിൽ സംഘടിപ്പിച്ച പ്രാഥമിക പരിശീലന പരിപാടി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷ്ണൽ ചീഫ് സെക്രട്ടറി **ടി.കെജോസ്** ഉദ്ഘാടനം ചെയ്യുന്നു

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കു കിലയിൽ പ്രാഥമിക പരിശീലനം തുടങ്ങി

തദ്ദേശസ്വയംഭരണവകുപ്പിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരായി നിയമനം ലഭിച്ച 45 പേർക്കു കിലയിൽ പ്രാഥമികഘട്ട പരിശീലനം സംഘടിപ്പിച്ചു. തദ്ദേശസ്വയം ഭരണവകുപ്പ് അഡീഷ്ണൽ ചീഫ് സെക്രട്ടറി ടി.കെ. ജോസ് ഐ.എ.എസ് ഉദ്ഘാടനം ചെയ്തു. ഗ്രാമവികസനവകുപ്പു അഡീഷ്ണൽ ഡെവലപ്മെന്റ് കമ്മീഷ്ണർ വി.എസ്. സന്തോഷ് കുമാർ ആമുഖപ്രഭാഷണം നടത്തി. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ സ്വാഗതം പറഞ്ഞു. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് 73,74 ഭരണഘടനാ ഭേദഗതി പ്രകാരം പഞ്ചായത്ത് രാജ്-നഗരപാലിക സ്ഥാപനങ്ങൾക്കു മുന്നേറുന്നതിനാവശ്യമായ സാഹചര്യം കേരളത്തിലുണ്ടെന്നു ഉദ്ഘാടന പ്രസംഗത്തിൽ ടി.കെ.ജോസ് പറഞ്ഞു. പതിനൊന്നും പന്ത്രണ്ടും പട്ടികയിൽ പ്രതിപാദിക്കുന്ന വിഷയ ചുമതലകൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു പൂർണ്ണമായും വിട്ടുനൽകിയ സംസ്ഥാനമാണ് കേരളം. അതുകൊണ്ടുതന്നെ മററു സംസ്ഥാനങ്ങൾക്കു മാതൃകയാകുന്ന തരത്തിലുള്ള വികസന ഇടപെടലുകൾ നടത്താൻ നമുക്കു സാധിക്കേണ്ടതുണ്ട്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ വിവിധ പ്രദേശങ്ങളിൽ വിശിഷ്യ മധ്യപ്രദേശിലെ ജാംബ്വ, ഗുജറാത്തിലെ സൗരാഷ്ട്ര, ബീഹാറിലെ ഗയ എന്നിവിടങ്ങളിൽ ഗ്രാമവികസന രംഗത്ത് മുന്നേറ്റം നടത്തുന്നതിനു നേതൃത്വം വഹിക്കത്തക്ക വിധത്തിൽ പല വികസന ഇടപെടലുകളും നടന്നിട്ടുണ്ട്. മലപ്പുറം ജില്ലാ പഞ്ചായത്ത് വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനു വിജയകരമായി നടപ്പാക്കിയ വിജയഭേരി പദ്ധതിയെക്കുറിച്ചും പരിശീലനാർത്ഥികൾക്കു പരിചയപ്പെടുത്തി. കേരളത്തിൽ ഇത്തരം പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകാൻ പുതുതലമുറയിലുള്ള ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ സജ്ജരാകണമെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. പ്രാദേശിക തലത്തിലുള്ള അറിവുകളെ പ്രോത്സാഹിപ്പിക്കുകയും അവയെ പരിപോഷിപ്പിക്കുന്ന രീതിയിലുള്ള ഇൻക്യുബേഷൻ ഹബ്ബുകളായി ബ്ലോക്ക് പഞ്ചായത്ത് സംവിധാനം മാറേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. തൊഴിലില്ലായ്മയല്ല കേരളത്തിലെ പ്രധാന പ്രശ്നം. തൊഴിലില്ലായ്മ പരിഹരിക്കുന്ന തരത്തിൽ പ്രാദേശിക അറിവുകളെ പരിപോഷിപ്പിക്കുന്ന പഠന പ്രവർത്തനങ്ങൾക്കു രൂപം കൊടുക്കാത്തതും തൊഴിൽ വൈദഗ്ദ്ധ്യത്തെ പരിപോഷിപ്പിക്കുന്ന സംവിധാനങ്ങളില്ലാത്തതുമാണ്. സാങ്കേതിക ബിരുദം, മാനേജ്മെന്റ് ബിരുദാനന്തര ബിരുദം, നേഴ്സിംഗ് ബിരുദമുൾപ്പെടെ വിവിധ വിഷയങ്ങളിൽ പരിജ്ഞാനമുള്ളവരാണ് പുതിയ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരിൽ ഉൾപ്പെട്ടിട്ടുള്ളത്. ഈ വൈവിധ്യം നൂതനമായ വികസന പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കാനും നടപ്പിലാക്കുന്നതിനും സഹായിക്കുന്നതാകണമെന്നും അദ്ദേഹം പറഞ്ഞു.

കൊട്ടരക്കര കില സി.എച്ച്.ആർ.ഡി റീജിണൽ ഡയറക്ടർ വനജകുമാരി, ഡോ.ഉമ്മൻ ജോൺ, വിനോദ് കുമാർ, തൃശ്ശൂർ ജില്ലാപഞ്ചായത്തിലെ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ എം.കെ.ഉഷ, അസി. ഡെവലപ്മെന്റ് കമ്മീഷ്ണർ (ജനറൽ) അയന, കില പ്രൊഫ.ഡോ.സണ്ണി ജോർജ്, അസോ.പ്രൊഫ.ഡോ.ജെ. ബി.രാജൻ, കോർഡിനേറ്റർ രേണുകുമാർ എന്നിവർ സംസാരിച്ചു.

മൂന്നുമാസത്തെ പ്രാഥമിക പരിശീലനത്തിന്റെ ആദ്യഘട്ടമായ ഒരുമാസത്തെ പരിശീലനമാണ് നടന്നത്. കൊട്ടാരക്കര കില മാനവശേഷി വിഭവകേന്ദ്രമുൾപ്പെടെ വിവിധ കേന്ദ്രങ്ങളിലും കേരളത്തിനകത്തും പുറത്തുമുള്ള വികസന ഇടപെടലുകൾ മനസ്സിലാക്കുന്ന തരത്തിലുള്ള പഠനപര്യടനവും പരിശീലനത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്.

സങ്കേതം സോഫ്റ്റ് വെയർ: ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കു പരിശീലനം

കെട്ടിടനിർമ്മാണത്തിനുള്ള അനുമതിക്കു അപേക്ഷിക്കുന്നതിനും അനുമതി നൽകുന്നതിനുമുള്ള സങ്കേതം സോഫ്റ്റ് വെയറിനെക്കുറിച്ചു ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കുള്ള അർദ്ധദിന പരിശീലനം കിലയിൽ സംഘടിപ്പിച്ചു. മലപ്പുറം ജില്ലയിലെ 92 ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരാണ് ആദ്യഘട്ട പരിശീലനത്തിൽ പങ്കെടുത്തത്. ഗ്രാമപഞ്ചായത്തിലെ എഞ്ചിനീയർമാർ, ഓവർസിയർമാർ, സെക്ഷൻ ക്ലാർക്കുമാർ എന്നിവർക്കുള്ള രണ്ടാഘട്ട പരിശീലനം മലപ്പുറം ജില്ലാകേന്ദ്രത്തിൽ വച്ചു നടത്തുന്നതാണ്. ട്രെയിനിംഗ് അസോസിയേറ്റ് പ്രതാപ് സിംഗ്, താമരശ്ശരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബഷീർ, ഐ.കെ.എം. സോഫ്ററ് വെയർ ടീം അംഗം രാജഗോപാൽ എന്നിവർ നേതൃത്വം നൽകി.

ചത്തീസ്ഗഡിൽ നിന്നുള്ള ജനപ്രതിനിധികൾക്കു കിലയിൽ സംഘടിപ്പിച്ച പരിശീലന പരിപാടി

ചത്തീസ്ഗഡിൽനിന്നുള്ള ജനപ്രതിനിധികൾ കിലയിൽ

കേരളത്തിലെ അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യാനും പഠിക്കാനുമായി ചത്തീസ്ഗഡിൽനിന്നുള്ള ജനപ്രതിനിധികൾ കിലയിലെത്തി. റായപ്പൂർ, മേഘേരി, കൊരിയ ജില്ലാപഞ്ചായത്ത് പ്രസിഡനന്റുമാരും മധ്യതലത്തിലും ഗ്രാമപഞ്ചായത്ത് തലത്തിലുള്ള പ്രസിഡന്റുമാരും രണ്ടു ഉദ്യോഗസ്ഥന്മാരുമുൾപ്പെടെ 34 പേരാണ് സംഘത്തിലുണ്ടായിരുന്നത്. ചത്തീസ്ഗഡ് ഗ്രാമവികസനവകുപ്പു ജോ.ഡയറക്ടർ പി.ടി.ജോസഫാണ് സംഘത്തിനു നേതൃത്വം നൽകിയത്. സംസ്ഥാഗ്രാമവികസന ഇൻസ്ററിറ്റ്യൂട്ടിലെ പരിശീലനവിഭാഗം കോർഡിനേറ്റർ മനോജും സംഘത്തോടൊപ്പമുണ്ടായിരുന്നു.

കിലയിലെത്തിയ സംഘത്തെ കില ഡയറക്ടർ ഡോ. ജോയ് ഇളമണും മറ്റും ചേർന്നു സ്വീകരിച്ചു.ചത്തീസ്ഗഡ് സംഘത്തിനുവേണ്ടി കിലയിൽ അഞ്ചുദിവസത്തെ പരിശീലനപരിപാടി സംഘടിപ്പിച്ചു. കോഴ്സ് ഡയറക്ടർ ഡോ. സണ്ണി ജോർജ്, കോർഡിനേറ്റർ പ്രൊഫ.ടി.രാഘവൻ എന്നിവർ സംസാരിച്ചു. കേരളത്തിലെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ അധികാരങ്ങൾ, ചുമതലകൾ, കൈമാറി കിട്ടിയ സ്ഥാപനങ്ങൾ, വിഭവ സ്രോതസ്സുകൾ, മാതൃകാപരമായ പ്രവർത്തനങ്ങൾ, കുടുംബശ്രീ പ്രവർത്തനങ്ങൾ, ബാലസൗഹൃദ പഞ്ചായത്ത് എന്നീ വിഷയങ്ങളിലായിരുന്നു പരിശീലനം. ഡോ.പീററർ എം.രാജ്. പി.വി. രാമകൃഷ്ണൻ കുടുംബശ്രീ പ്രോഗ്രാം ഓഫീസർ വിനീത തുടങ്ങിയവർ ക്ലാസ്സുകൾക്കു നേതൃത്വം നൽകി.

തൃശ്ശൂർ ജില്ലയിലെ ചൂണ്ടൽ ഗ്രാമപഞ്ചായത്ത് , എറണാകുളം ജില്ലാപഞ്ചായത്ത്, പറക്കടവ് ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ സംഘം സന്ദർശിച്ച് അവിടങ്ങളിലെ കുടുംബശ്രീ പ്രവർത്തനങ്ങളെക്കുറിച്ചും കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ നടത്തിപ്പിനെക്കുറിച്ചും ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായും ചർച്ച നടത്തി.

ഭാരത് ദർശന്റെ ഭാഗമായി കിലയിലെത്തിയ ഐ.എ.എസ് ട്രെയിനികൾക്കു സംഘടിപ്പിച്ച പരിശീലനം

ഐ.എ.എസ് ട്രെയിനികൾക്കു കിലയിൽ പരിശീലനം

ഭാരത് ദർശന്റെ ഭാഗമായി കിലയിലെത്തിയ ഐ.എ.എസ് ട്രെയിനികൾക്കു അർദ്ധദിന പരിശീലനം സംഘടിപ്പിച്ചു. മുസോറിയിലെ ലാൽ ബഹദൂർ ശാസ്ത്രി നാഷ്ണൽ അക്കാദമി ഓഫ് അഡ്മിനിസ്ട്രേഷനിലെ 13 ഐ.എ.എസ് ട്രെയിനികൾക്കാണ് പരിശീലനം നൽകിയത്. വികേന്ദ്രീകരണം, ആസൂത്രണം, പാർശ്വവൽക്കരിക്കപ്പെട്ടവരെ മുൻനിരയിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. കോഴ്സ് ഡയറക്ടർ ഡോ.സണ്ണി ജോർജ് ആമുഖ പ്രഭാഷണം നടത്തി. കോർഡിനേറ്റർ പ്രൊഫ.ടി.രാഘവൻ സ്വാഗതം പറഞ്ഞു. ഡോ.ജെ.ബി.രാജൻ, ഡോ.പീറ്റർ എം.രാജ് എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി.

സംസ്ഥാന ബജറ്റിൽ **കിലയ്ക്കു 35 കോടി രൂപ**

നിയമസഭയിൽ ധനകാര്യവകുപ്പുമന്ത്രി ഡോ. തോമസ് ഐസക് അവതരിപ്പിച്ച സംസ്ഥാന ബജറ്റിൽ (2018-2019) കിലയ്ക്കു 35 കോടി രൂപ വകയിരുത്തി.

ചോദ്യങ്ങൾക്കു മറുപടി

? അയ്യായിരം രൂപ വരെയുള്ള കരാറുകൾക്കു മുദ്രപ്പത്രം വേണ്ട എന്ന നിബന്ധന ഉണ്ടോ?

● അയ്യായിരം രൂപ വരെയുള്ള കരാറുകൾക്കു പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവർ വയ്ക്കുന്ന കരാറുകളെ മുദ്രപ്പത്രം വേണമെന്ന നിബന്ധനയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.(സ.ഉ.(സാധാ) 2728/2017 തസ്വഭവ.തീയതി.5.8.2017)

? പദ്ധതി പ്രവർത്തനത്തിൽ ചില പ്രോജക്ടുകൾ നടപ്പാക്കുന്നതിനു നിർവഹണ ഉദ്യോഗസ്ഥർ ഇല്ലാത്തതു തടസ്സം സൃഷ്ടിക്കുന്നു. എന്താണിതിനു പരിഹാരം?

● ഓരോ വിഷയമേഖലയിൽ പെടുന്ന വർക്കിംഗ് ഗ്രൂപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയാണ് അതതു വിഷയമേഖലകളിലെ പദ്ധതികളുടെ നിർവഹണ ഉദ്യോഗസ്ഥരായി ചുമതലപ്പെടുത്തേണ്ടത്. എന്നാൽ ചുമതലപ്പെട്ട നിർവഹണ ഉദ്യോഗസ്ഥരുടെ അഭാവത്തിൽ ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്കു നിർവഹണ ചുമതല സെക്രട്ടറിക്കോ മറ്റു അനുയോജ്യരായ ഉദ്യോഗസ്ഥർക്കോ നൽകാവുന്നതാണ്. (പദ്ധതി മാർഗ്ഗരേഖ സ.ഉ.(എം.എസ്)72/2017 തസ്വഭവ.തീയതി.29.3.2017 ഖണ്ഡിക 9 (7,8,9)കാണുക.

? ബോധവൽക്കരണ ക്യാമ്പുകൾ നടത്താൻ പദ്ധതി തയ്യാറാക്കാൻ പാടില്ല എന്നു പറയുന്നതു ശരിയാണോ?

● ബോധവൽക്കരണ പരിപാടികൾ, സർവേകൾ, മററു വിവരശേഖരണം എന്നിവയ്ക്കു മാത്രമായി പ്രോജക്ട് വയ്ക്കരുതെന്നാണ് പറയുന്നത്. മറ്റേതെങ്കിലും പ്രോജക്ടിന്റെ അനിവാര്യ ഘടകമായി വേണ്ടതാണെങ്കിൽ ചെയ്യാവുന്നതാണ്. കൂടാതെ കാൻസർ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള കാൻസർ പരിശോധനാക്യാമ്പുകൾ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കു നടത്താവുന്നതാണ്.(പദ്ധതി മാർഗ്ഗരേഖ സ.ഉ.(എം.എസ്)72/2017 തസ്വഭവ 29.3.2017 ഖണ്ഡിക.12.11.2.(1,3)

? പകൽ വീട് എന്ന പദ്ധതി നടപ്പാക്കി കഴിയുമ്പോൾ അവിടെ വരുന്ന വയോജനങ്ങളെ സഹായിക്കാൻ ആളെ വയ്ക്കാൻ കഴിയുമോ?

● പകൽ വീട്, വൃദ്ധസദനം എന്നീ സ്ഥാപനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനു അനുയോജ്യരായ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കാവുന്നതാണ്. അവർക്കു പ്രതിമാസം 7,000/- രൂപയിൽ കവിയാത്ത പ്രതിഫലവും നൽകാം.

? സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പ്രഭാതഭക്ഷണ വിതരണ പദ്ധതി എല്ലാ വിദ്യാലയങ്ങളിലും നടപ്പാക്കാമോ?

● ഗ്രാമപഞ്ചായത്തും നഗരഭരണസ്ഥാപനങ്ങളും വഴി പ്രഭാതഭക്ഷണ വിതരണ പദ്ധതി ഏറ്റെടുത്തു നടപ്പാക്കുമ്പോൾ അതു സർക്കാർ എൽ.പി- യു.പി സ്കൂളുകളിലെ കുട്ടികൾക്കാണ് നൽകേണ്ടത്.

? പഞ്ചായത്ത് എടുത്ത ഒരു തീരുമാനം അടുത്ത കമ്മിറ്റിയിൽ റദ്ദു ചെയ്യാനോ ഭേദഗതി ചെയ്യാനോ പാടുണ്ടോ?

● പഞ്ചായത്ത് എടുത്ത ഏതു തീരുമാനവും അതു പാസ്സാക്കിയ തീയതി മുതൽ മൂന്നു മാസത്തിനകം പ്രത്യേക ആവശ്യത്തിനായി വിളിച്ചുകൂട്ടിയ യോഗത്തിൽ പഞ്ചായത്തിന്റെ മുഴുവൻ അംഗസംഖ്യയുടെ മൂന്നിൽ രണ്ടു ഭൂരിപക്ഷപ്രകാരം റദ്ദു ചെയ്യുകയോ ഭേദഗതി ചെയ്യുകയോ ചെയ്യാം. എന്നാൽ പഞ്ചായത്ത് പാസ്സാക്കിയ ഒരു തീരുമാനം നിയമാനുസൃതം പാസ്സായതല്ലെന്നോ നിയമാനുസൃതം പഞ്ചായത്തിൽ നിക്ഷിപ്തമായ ഏതെങ്കിലും അധികാരത്തിന്റെ ലംഘനം അഥവാ ദുർവിനിയോഗമാണെന്നോ അല്ലെങ്കിൽ ആ തീരുമാനം നടപ്പാക്കിയാൽ മനുഷ്യജീവനോ ആരോഗ്യത്തിനോ പൊതു സുരക്ഷയ്ക്കോ അപകടമാവുമെന്ന് ബോദ്ധ്യം വന്നാൽ പ്രസ്തുത തീരുമാനം എപ്പോൾ വേണമെങ്കിലും പഞ്ചായത്തിന്റെ മുഴുവൻ അംഗസംഖ്യയുടെ അമ്പതുശതമാനം പേരുടെ അംഗീകാരത്തോടുകൂടി ഭേദഗതി ചെയ്യുകയോ റദ്ദുചെയ്യുകയോ ചെയ്യാവുന്നതാണ്. (കേരള പഞ്ചായത്ത് രാജ് യോഗ നടപടി ചട്ടങ്ങൾ (1995) ചട്ടം 11)

ചോദ്യങ്ങൾക്ക് മറുപടി

പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ് ഡെസ്ക്. ഫോൺ നമ്പർ-0487 2455000

? അത്യാഹിതം സംഭവിച്ച ഒരാൾക്കു പഞ്ചായത്ത് ഫണ്ടിൽനിന്ന് ധനസഹായം നൽകാൻ വ്യവസ്ഥയുണ്ടോ?

● പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നു ധനസഹായം നൽകാൻ വ്യവസ്ഥയില്ല. എന്നാൽ പഞ്ചായത്തിനു 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം രൂപീകരിച്ച ഫണ്ടിൽനിന്നു ധനസഹായം നൽകാവുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽനിന്നു വേറിട്ടു സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി എല്ലാ പഞ്ചായത്തിലും രൂപീകരിക്കാവുന്നതും അതിൽ സംഭാവനകളായോ ധനശേഖരണാർത്ഥമുള്ള പരിപാടികൾ സംഘടിപ്പിച്ചോ ധനം സ്വരൂപിക്കാവുന്നതാണ്.

? തൊഴിൽ നികുതി ഓൺലൈനിൽ അടയ്ക്കാമോ?

● തൊഴിലാളികളുടേയും ജീവനക്കാരുടേയും ശമ്പളത്തിൽനിന്നു തൊഴിലുടമ/ഓഫീസ്/സ്ഥാപനമേധാവി പിടിക്കുന്ന തൊഴിൽ നികുതി ഇനി മുതൽ ഓൺലൈനിൽ അതതു തദ്ദേശസ്ഥാപനത്തിൽ അടയ്ക്കാവുന്നതാണ്. ഇതിന്റെ സോഫ്റ്റ് വെയർ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും വിന്യസിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥാപനമേധാവി ഓൺലൈൻ രജിസ്ട്രേഷനുവേണ്ടി പഞ്ചായത്ത് സെക്രട്ടറിക്കു അപേക്ഷ നൽകണം. അപേക്ഷ ലഭിച്ചാൽ പഞ്ചായത്ത് സെക്രട്ടറി യൂസർനെയ്മും പാസ്‌വേർഡും നൽകും. ഈ യൂസർ നെയിം ഉപയോഗിച്ചു തൊഴിൽ നികുതി അടയ്ക്കാവുന്നതാണ്. 2017- ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ഭേദഗതി ചട്ടം റൂൾ 14.എ യിലാണ് ഈ സംവിധാനം വിഭാവനം ചെയ്യുന്നത്.(സ.ഉ.(പി) 78/2017 തസ്വഭവ.തീയതി 31.10.17)

? അഗതി ആശ്രയ കുടുംബങ്ങൾ എന്നു പറയുന്നതു ഏതു തരം കുടുംബങ്ങളെയാണ്?

● അഗതി ആശ്രയ കുടുംബങ്ങളെ കണ്ടെത്തുന്നതിനു കുടുംബശ്രീയുടെ നേതൃത്വത്തിൽ സർവെ നടത്തി ചില മാനദണ്ഡങ്ങൾ പ്രകാരം കുടുംബങ്ങളെ നിശ്ചയിച്ചിട്ടുണ്ട്. അപ്രകാരമുള്ള കുടുംബത്തിൽ പെട്ടവരാണ് അഗതി ആശ്രയ കുടുംബങ്ങൾ എന്നു പറയുന്നത്. താഴെ പറയുന്ന ഒമ്പതു മാനദണ്ഡങ്ങളിൽ ഏഴു മാനദണ്ഡമെങ്കിലും ബാധകമായ കുടുംബമാണ് അഗതി കുടുംബങ്ങൾ.

1. ഭൂരഹിതരായിട്ടുള്ളവർ.അല്ലെങ്കിൽ പത്തു സെന്റിൽ താഴെ ഭൂമിയുള്ളവർ. 2. ഭവനരഹിതർ/ജീർണിച്ച വീട്ടിൽ താമസിക്കുന്നവർ. 3. 300 മീറ്ററിനുള്ളിൽ കുടിവെള്ള സൗകര്യമില്ലാത്തവർ. 4. ശുചിത്വ കക്കൂസ് ഇല്ലാത്ത കുടുംബം.5. ജോലിയുള്ള ഒരാൾപോലുമില്ലാത്ത കുടുംബം.10 ദിവസത്തിൽ താഴെ മാത്രം ഒരു മാസത്തിൽ ജോലിയുള്ള കുടുംബം. 6. വനിതാകുടുംബനാഥയുള്ള കുടുംബം. 7. ഭിന്നശേഷിയുള്ളവരോ തീരാവ്യാധികൾ പിടിപെട്ടവരോ ഉള്ള കുടുംബം. 8. പട്ടികജാതി-പട്ടികവർഗ്ഗ കുടുംബം. 9. പ്രായപൂർത്തിയായ നിരക്ഷരരുള്ള കുടുംബം. കൂടാതെ മറ്റുചില ക്ലേശഘടകങ്ങൾ കൂടി പരിഗണനയ്ക്കു എടുക്കേണ്ടതാണ്. പുറമ്പോക്ക്, വനഭൂമി എന്നിവിടങ്ങളിൽ താമസിക്കുന്ന ഭൂരഹിതർ, രാത്രിയിൽ പൊതുസ്ഥലങ്ങളിൽ കിടന്നുറങ്ങുന്നവർ, അവിവാഹിതരായ അമ്മ/അമ്മയും കുഞ്ഞും/ഭർത്താവ് ഉപേക്ഷിച്ച് ദുരിതമനുഭവിക്കുന്നവർ, ചികിത്സിച്ചു മാറ്റാനാകാത്ത തീരാവ്യാധികൾ പിടിപെട്ടവർ, ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർ, ഭിക്ഷാടനം തൊഴിലായി സ്വീകരിച്ചിട്ടുള്ളവർ, അതിക്രമങ്ങൾക്കു ഇരയായിട്ടുള്ള വനിതകൾ, ഭക്ഷണത്തിനു വക കണ്ടെത്താൻ കഴിവുള്ളവർ ഇല്ലാത്ത കുടുംബം. ഇത്തരം കുടുംബങ്ങളെ കണ്ടെത്തി വേണം അഗതി കുടുംബത്തിൽ പെടുത്താൻ.

കിണറുകളുടെ നിർമ്മാണോദ്ഘാടനം നാലാം വാർഡിൽ ചിറ്റപുറത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് **വി.സുജാത** നിർവഹിക്കുന്നു.

പട്ടിത്തറ ഗ്രാമപഞ്ചായത്തിൽ അവശവിഭാഗങ്ങൾക്കു കിണർ നിർമ്മിക്കുന്നു

പട്ടിത്തറ ഗ്രാമപഞ്ചായത്തിലെ 18 വാർഡിലേയും എസ്.സി, ബി.പി.എൽ, ഐ.എ.വൈ വികലാംഗർ, വിധവകൾ തുടങ്ങിയ മുഴുവൻ കുടുംബങ്ങൾക്കും പഞ്ചായത്ത് കിണർ നിർമ്മിക്കുന്നു. വനിതകളുടെ നേതൃത്വത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കിണർ നിർമ്മിക്കുന്നത്. കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കിണർ കുഴിക്കുന്നതിലൂടെ ജലക്ഷാമം പൂർണമായും പരിഹരിക്കാനാവുമെന്നാണ് കരുതുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഹരിത കേരളം മിഷനിലൂടെ ദേശീയ തൊഴിലുറപ്പുപദ്ധതി വഴി വിപുലമായ ജലസംരക്ഷണ പ്രവർത്തനങ്ങളാണ് പഞ്ചായത്തിൽ നടത്തിയത്. പതിനെട്ടു വാർഡുകളിലായി 150 കിണറുകളും നാലു പുതിയ കുളങ്ങളും നിർമ്മിക്കാനും 28 കുളങ്ങൾ പുനരുജ്ജീവിപ്പിക്കാനും 22 തൊടുകൾ ഉപയോയോഗപ്രദമാക്കാനും സാധിച്ചു. കൂടാതെ മഴക്കുഴി, കിണർ റീചാർജിംഗ്, സോക്ക്പിറ്റ് തുടങ്ങിയവ തൊഴിലുറപ്പു പദ്ധതിയിലൂടെ ഏറ്റെടുത്തു നടപ്പാക്കാനും പഞ്ചായത്തിനു കഴിഞ്ഞു. വിപുലമായ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താനാണ് ഈ വർഷം പഞ്ചായത്ത് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായാണ് അവശ വിഭാഗങ്ങളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ ഇത്തരത്തിലുള്ള വിപുലമായ പ്രവർത്തനങ്ങൾക്കു പഞ്ചായത്ത് ഭരണസമിതി രൂപം നൽകിയിട്ടുള്ളത്. പുതിയ കുളങ്ങൾ നിർമ്മിക്കുന്നതിനു പുറമെ ഉപയോഗശൂന്യമായ മുഴുവൻ കുളങ്ങൾ ഉപയോഗപ്രദമാക്കാനും എല്ലാ തോടുകളിലും തടയണകൾ നിർമ്മിക്കാനും പദ്ധതിയുണ്ട്. കുടാതെ സോക്ക്പിററ്, കമ്പോസ്റ്റ് പിറ്റ്, ജൈവവേലി, കല്ലു കയ്യാല, മഴക്കുറി, കിണർ റീചാർജിംഗ്, റീചാർജ് പിറ്റ് തുടങ്ങിയ വിപുലമായ പ്രവർത്തനങ്ങൾക്കും പഞ്ചായത്ത് രൂപം നൽകി. തൊഴിലുറപ്പു പദ്ധതിയിലൂടെ വനിതകളുടെ നേതൃത്വത്തിലാണ് മുഴുവൻ പ്രവർത്തനങ്ങളും.

കേരളത്തിലെ അധികാരവികേന്ദ്രീകരണത്തെക്കുറിച്ചു പഠിക്കാൻ കാശ്മീരിലെ ലഡാക്കിൽനിന്നെത്തിയ ഉദ്യോഗസ്ഥസംഘം തിരുവനന്തപുരത്തെ മേഖലാ കേന്ദ്രത്തിൽ കില ഡയറക്ടർ ഡോ.ജോയ് ഇളമണുമായി ചർച്ച നടത്തുന്നു.

ലഡാക്ക്സംഘം കില ഡയറക്ടറുമായി ചർച്ച നടത്തി

കേരളത്തിലെ അധികാരവികേന്ദ്രീകരണത്തെക്കുറിച്ചു പഠിക്കാൻ കാശ്മീരിലെ ലഡാക്കിൽനിന്നെത്തിയ ഉദ്യോഗസ്ഥസംഘം കിലയുടെ തിരുവനന്തപുരത്തെ മേഖലാ കേന്ദ്രത്തിൽ കില ഡയറക്ടർ ഡോ.ജോയ് ഇളമണുമായി ചർച്ച നടത്തി. പഞ്ചായത്തു സെക്രട്ടറിമാരും ബി.ഡി.ഒയുമടങ്ങുന്ന പതിനാലംഗ സംഘത്തിനു ഡെവലപ്മെന്റ് അസി.കമ്മീഷ്ണർ സെറിങ്ങ് പൽഡാനാണ് നേതൃത്വം നൽകിയത്. കുടുംബശ്രീ സംവിധാനത്തെക്കുറിച്ചും പഞ്ചായത്തുകളുമായി സംയോജിച്ച് നടപ്പാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ചു പഠിക്കാൻ സംഘം താൽപര്യം പ്രകടിപ്പിച്ചു. ഇ-ഗവേണൻസിനെക്കുറിച്ചറിയാൻ ഇൻഫർമേഷൻ കേരള മിഷൻ സന്ദർശിച്ച സംഘം, കേരളത്തിൽ നടപ്പിലാക്കുന്ന തൊഴിലുറപ്പുപദ്ധതിയെ സംബന്ധിച്ചറിയാൻ ഗ്രാമവികസനവകുപ്പു ഉദ്യോഗസ്ഥരുമായും ചർച്ച നടത്തി.

ധർമ്മടം നിയോജകമണ്ഡലത്തിലെ സമഗ്ര പ്രോജക്ട് രൂപീകരണ ശില്പശാല പെരളശ്ശേരി സഹകരണബാങ്ക് ഹാളിൽ കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്യുന്നു

പരിസ്ഥിതി–കാലാവസ്ഥാവ്യതിയാനം: കിലയിൽ പഞ്ചായത്ത് തല ദ്വിദിന പരിശീലനം

ഗ്രാമപഞ്ചായത്തുകളെ പരിസ്ഥിതി സൗഹൃദമാക്കാനുള്ള കാര്യശേഷി വികസനപരിപാടിയുടെ ഭാഗമായ ആദ്യഘട്ട ദ്വിദിന പരിശീലനം കിലയിൽ സംഘടിപ്പിച്ചു.

പരിസ്ഥിതി, കാലാവസ്ഥാവ്യതിയാനം, ജൈവവൈവിധ്യ സംരക്ഷണം എന്നീ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരുന്നു പരിശീലനം. കിലയും പരിസ്ഥിതി-കാലാവസ്ഥാവ്യതിയാന ഡയറക്ടറേറ്റും ജൈവവൈവിധ്യ ബോർഡും സംയുക്തമായി മൂന്നു ഘട്ടങ്ങളിലായിട്ടാണ് പരിശീലനം നൽകുന്നത്.

കേരള സംസ്ഥാന ജൈവവൈവിധ്യബോർഡ് ചെയർമാൻ ഡോ.ജോഷി ഐ.എഫ്.എസ്, കില ഡയറക്ടർ ഡോ.ജോയ് ഇളമൺ എന്നിവർ സംബന്ധിച്ചു. ഡോ.ജെ. ബി.രാജൻ, ഡോ.കെ.വി.വർമ്മ, നിർമ്മല സാനുജോർജ്, ഡോ.വിനോദ്, ഡോ. പ്രീത, വിനോദ്കുമാർ, ജറിൻ, ജോൺ മാത്യു എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി. പരിസ്ഥിതി, കാലാവസ്ഥാവ്യതിയാനം, ജൈവവൈവിധ്യം, മേഖലാതല അവസ്ഥയും പ്രത്യാഘാതങ്ങളും, കൃഷി, കന്നുകാലി വളർത്തൽ, കുടിവെള്ളം, ആരോഗ്യം, ശുചിത്വം, മാലിന്യപരിപാലനം, ജൈവവൈവിധ്യ പ്രദേശങ്ങൾ, ദുരന്തനിവാരണം, മനുഷ്യ-വന്യജീവി സംഘട്ടനങ്ങൾ, പഞ്ചായത്ത് തലത്തിൽ കർമ്മപരിപാടി തയ്യാറാക്കൽ, തുടങ്ങിയ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി വിവിധ സെഷനുകളായിട്ടായിരുന്നു പരിശീലനം. നാലു ബ്ലോക്ക് പഞ്ചായത്തുകളിലെ 25 ഗ്രാമപഞ്ചായത്തുകളിൽനിന്നുള്ള പ്രസിഡന്റുമാർ, സെക്രട്ടറിമാർ, സ്റ്റാൻഡിംഗ്കമ്മിറ്റി ചെയർമാൻമാർ, നിർവഹണ ഉദ്യോഗസ്ഥർ, ജൈവവൈവിധ്യബോർഡ് അംഗങ്ങൾ എന്നിവർ പരിശീലനത്തിൽ പങ്കെടുത്തു.

വനിതാ സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങൾക്കു പ്രാദേശിക ഭരണകൂടങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് കിലയിൽ നൽകിയ പരിശീലനം

വനിതാസ്വയം സഹായസംഘങ്ങളിലെ അംഗങ്ങൾക്കു പരിശീലനം

നിലമ്പൂർ ഫാത്തിമഗിരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ സഹകരണത്തോടെ പ്രവർത്തിക്കുന്ന വനിതാ സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങൾക്കു പ്രാദേശിക ഭരണകൂടങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് കിലയിൽ പരിശീലനം നൽകി. കില അസോ. പ്രൊഫ.ഡോ.പീറ്റർ എം.രാജ് ഉദ്ഘാടനം ചെയ്തു. കേരളത്തിലെ പ്രാദേശിക ഭരണകൂടങ്ങളുടെ ചുമതലകൾ, ഉത്തരവാദിത്വങ്ങൾ, സേവനങ്ങൾ, ക്ഷേമപദ്ധതികൾ, സ്വയം തൊഴിൽ പദ്ധതികൾ എന്നിവ സംബന്ധിച്ചുള്ള ക്ലാസ്സുകൾക്കു പി.വി.രാമകൃഷ്ണൻ, പി.കെ.ജയദേവൻ, എം.കെ.രവീന്ദ്രനാഥ് എന്നിവർ നേതൃത്വം നൽകി. ഫാത്തിമഗിരി സോഷ്യൽ സർവീസ് സെന്റർ ഡയറക്ടർ സിസ്റ്റർ മറീനി സംഘടനയുടെ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

KILA News letter Published By Dr. Joy Elamon, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 **(for private circulation only)**